പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 154 — 01-12-14 – ൽ മറുപടിയ്ക്ക്

## മത്സ്യബന്ധനത്തിനിടയിൽ കാണാതായ മത്സ്യത്തൊഴിലാളികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എ. പ്രദീപ് കുമാർ:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യബന്ധനത്തിനിടയിൽ കാണാതായ മത്സ്യത്തൊഴിലാളികൾ എത്ര; മരണപ്പെട്ടവർ എത്ര; | എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ 49 മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്. 129 പേർ മരണപ്പെട്ടിട്ടുണ്ട്. |
| ബി) | ഇതിൽ എത്ര പേരുടെ കുടംബങ്ങൾക്ക് ധനസഹായം നൽകുകയുണ്ടായി; ധനസഹായം ലഭിക്കാൻ അവശേഷിക്കുന്നവർ എത്ര; | ബി | മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 16 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 4 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. 12 പേർക്ക് ധനസഹായം അനുവദിക്കാനുണ്ട്. |
| സി) | സഹായം നൽകുന്നത് സംബന്ധിച്ച ചട്ടത്തിൽ മാറ്റം വരുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; ഭേദഗതി ചെയ്ത പ്രകാരമുള്ള ചട്ടങ്ങൾ എന്ന് മുതൽ നിലവിൽ വരുകയുണ്ടായി; | സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകി വന്നിരുന്ന ധനസഹായം 07-12-11 മുതൽ 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയായും 17.12.2013 മുതൽ 3 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽ മരിച്ചാൽ മൃതദേഹം കണ്ടുകിട്ടിയില്ലെങ്കിൽ 7 വർഷം കഴിഞ്ഞു മാത്രമാണ് സാമ്പത്തിക സഹായം നൽകി വന്നിരുന്നത്. എന്നാൽ 07.06.14 ലെ 8564/ബി3/13/മതുവ. നമ്പർ സർക്കുലർ പ്രകാരം കടലിൽ മത്സ്യബന്ധനത്തിനിടെ മത്സ്യത്തൊഴിലാളി അപകടം മൂലം കാണാതാകുമ്പോൾ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്ത കേസ് പോലീസ് അന്വേഷിച്ച് ആൾ non traceable ആണെന്ന് റിപ്പോർട്ട് നൽകുന്ന പക്ഷം പ്രസ്തുത |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വില്ലേജ് ഓഫീസറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും കളക്ടർ / ആർഡിഒ ആളെ കാണ്മാനില്ലെന്ന റിപ്പോർട്ട് നൽകുന്നത് അനുസരിച്ച് ധനസഹായം അനുവദിച്ചുവരുന്നു. ഇപ്രകാരം ധനസഹായം ലഭിക്കുന്ന കുടുംബാംഗങ്ങളിൽ നിന്ന് ഒരു ഇൻഡമിനിറ്റി ബോണ്ട് എഴുതി വാങ്ങുന്നതും, ഇവർ നൽകുന്ന ബോണ്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുമ്പോൾ അപകടം മൂലം കാണാതാകുന്ന വ്യക്തി തിരികെ വരുന്ന പക്ഷം നൽകിയ ധനസഹായം വസൂലാക്കുന്നതുമാണ്. കൂടാതെ കളക്ടർ / ആർഡിഒ നൽകുന്ന സർട്ടിഫിക്കറ്റിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടം മൂലം കടലിൽ കാണാതായ മത്സ്യത്തൊഴിലാളി കുടുംബത്തിന് ധനസഹായം ലഭിക്കുന്നതിനായി മാത്രം നൽകുന്നത് എന്ന് പ്രത്യേകം രേഖപ്പെടുത്തി നൽകേണ്ടതാണ്. |
| ഡി) | ഭേദഗതിയെ തുടർന്ന് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുതുക്കിയ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) | 07/12/2011 മുതൽ 16/12/2013 വരെ 121 കുടുംബങ്ങൾക്കായി 3.69 കോടി രൂപയും, 17.12.2013 മുതൽ നാളിതുവരെ 26 കുടുംബങ്ങൾക്കായി 130 ലക്ഷം രൂപയും ധനസഹായം നൽകിയിട്ടുണ്ട്. |

Jayasree (signature)

**സെക്ഷൻ ഓഫീസർ**